LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: അങ്ങയുടെ വിശ്വാസ്യതയെക്കുറിച്ചൊക്കെ അങ്ങ് ഇവിടെ സംസാരിച്ചു. ഇതുപോലെ തന്നെ വളരെ ഗൗരവമുള്ള കാര്യം നിങ്ങൾ റൗഫിന്റെ വിശ്വാസ്യതയെ അംഗീകരിക്കുന്നില്ല എന്നൊക്കെ പറഞ്ഞു. പക്ഷേ സി.പി.ഐ.(എം)-ന്റെ ജില്ലാ സെക്രട്ടറി നിങ്ങളുടെ സംസ്ഥാന കമ്മിറ്റി അംഗത്തെപ്പറ്റി ഒരു ആരോപണം ഉന്നയിച്ചിട്ട് അതിനെക്കുറിച്ച് എന്താണ് കേസ് എടുക്കാത്തത്? അവിടെ അങ്ങയുടെ വിശ്വാസ്യതയെ സംശയിക്കുകയാണ്. എന്തുകൊണ്ട്?

ഡോ. തോമസ് ഐസക്: ഇത് പൊതു മണ്ഡലത്തിൽനിന്നല്ല. ഞങ്ങളുടെ കണ്ണൂർ ജില്ലാ സെക്രട്ടറി ആയിരുന്ന ശ്രീ. പി. ശശിക്കെതിരായി ആരോപണമുയർന്നു. ഞങ്ങളുടെ പാർട്ടിയിൽ അത് അന്വേഷിക്കുന്നതിന് പാർട്ടി രീതിയുണ്ട്. ആ ആരോപണം വന്നതിന്റെ ആദ്യത്തെ സംസ്ഥാന കമ്മിറ്റി യോഗത്തിൽ അത് അന്വേഷിക്കാൻ ഒരു കമ്മിറ്റിയെ വച്ചു. അടുത്ത സംസ്ഥാന കമ്മിറ്റിക്കുമുൻപ് അന്വേഷണത്തിന്റെ ഫലമറിയും. അതിന്റെ അടിസ്ഥാനത്തിൽ ഞങ്ങൾ തീരുമാനിക്കും. നാട്ടുകാരോട് പറയും. അപ്പോൾ അത് തന്നെയാണ് അതിന് ഉത്തരം. ..... (ബഹളം).... അല്ല മുസ്ലീം ലീഗല്ല. അത് വന്നത് പൊതുമണ്ഡലത്തിലാണ്. പത്തുവർഷമായിട്ട് ഈ കേരളത്തിൽ എത്ര വട്ടം വന്നു. എത്ര വട്ടം മൊഴി മാറി. ഇത് പുറത്തു നടക്കുന്നതാണ്. ലീഗ് അന്വേഷിച്ചാൽ പറ്റില്ല. ഇത് കേസ് ആയിക്കഴിഞ്ഞ കാര്യമാണ്. ഞാൻ പറയുന്നത് കേരളത്തിലെ രാഷ്ട്രീയ അന്തരീക്ഷം മാറി. ഈ ഇരിക്കുന്ന ഇരിപ്പുകണ്ടാൽ നമുക്ക് പാവം തോന്നില്ലേ?.... ഇരിക്കുന്ന ഇരിപ്പു നോക്കിക്കേ. വില്ലാളി വീരൻമാർ എങ്ങനെയാ ഇവിടെ അഴിഞ്ഞാടിക്കൊണ്ടിരുന്നത്; എന്തേ മിണ്ടാട്ടമില്ലാത്തത്? ഈ വരാൻ പോകുന്ന തെരഞ്ഞെടുപ്പിൽ നിങ്ങൾ അപ്പുറത്ത് തന്നെയിരിക്കും.

മി. സ്പീക്കർ: ചട്ടം 142 അനുസരിച്ചുള്ള പ്രമേയം.

IX ചട്ടം 142 അനുസരിച്ചുള്ള പ്രമേയം

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പു മന്ത്രി (ശ്രീ. എം. വിജയകുമാർ): സർ, താഴെപ്പറയുന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നിയമസഭയുടെ നടപടിക്രമവും കാര്യ നിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 142 പ്രകാരം ബഡ്ജറ്റിന്റെ പൊതു ചർച്ച സഭ അവസാനിപ്പിക്കുമ്പോൾ ധനാഭ്യർത്ഥനകൾ അനുയോജ്യമായ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്നും സബ്ജക്ട് കമ്മിറ്റികൾ നാലാഴ്ചകൾക്കകം അവയുടെ പരിശോധന പൂർത്തിയാക്കേണ്ടതാണെന്നും പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 236-ന്റെ 2-ാം ഉപചട്ടം വ്യവസ്ഥ ചെയ്യുന്നു. ഭരണഘടനയിലെ വ്യവസ്ഥ അനുസരിച്ച് കാലാവധി തികച്ച് പിരിഞ്ഞുപോകുന്ന സഭ വമുംവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന നടത്തുന്നതിൽ അപാകതയുണ്ട്. ആയതിനാൽ പ്രായോഗികതയ്ക്കുവേണ്ടി 236-ാം ചട്ടത്തിന്റെ 2-ാം ഉപചട്ടം 31-7-2011 വരെ സസ്പെന്റ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): പ്രമേയത്തെ പിൻതാങ്ങുന്നു.

മി. സ്പീക്കർ: പ്രമേയത്തെ അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ഓർഡർ....ഓർഡർ സഭ ഇപ്പോൾ പിരിയുന്നതും വെള്ളിയാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2011 ഫെബ്രുവരി മാസം 18-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 2.57-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly